# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ:269/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 ഒക്ടോബർ 4.

കേരള സർക്കാർ 2010 ഒക്ടോബർ 4-ാം തീയതിയിലെ 2256-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ സ.ഉ.(അച്ചടി) നമ്പർ.233/2010/ത.സ്വ.ഭ.വ. വിജ്ഞാപനംമൂലം 2010 ഒക്ടോബർ 29-ാം തീയതി, സംസ്ഥാനത്തെ, കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേക്ക്, ഓരോ അംഗത്തെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും, ഇപ്പോൾ, അതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 49-ാം വകുപ്പനുസരിച്ച് സംസ്ഥാനത്തെ വേളം ഗ്രാമപഞ്ചായത്തിന്റെ എല്ലാ നിയോജകമണ്ഡ ലങ്ങളിലേക്കും പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2010 ഒക്ടോബർ 11-ാം തീയതി (തിങ്കൾ) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) 2010 ഒക്ടോബർ 12-ാം തീയതി (ചൊവ്വ) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2010 ഒക്ടോബർ 14-ാം തീയതി (വ്യാഴം) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2010 ഒക്ടോബർ 29-ാം തീയതി വെള്ളിയാഴ്ച ആവശ്യമായി വരുന്നപക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2010 നവംബർ 12-ാം തീയതി (വെള്ളി) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**


## വിജ്ഞാപനം

നമ്പർ. 270/2010/സം.തി.ക തീയതി, തിരുവനന്തപുരം, 2010 ഒക്ടോബർ 4.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 70-ാം വകുപ്പനുസരിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ഒക്ടോബർ 4-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 269/2010/സം.തി.ക.നമ്പർ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ നടത്തേ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

(ഒപ്പ്)

**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33